# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/220/2017 2017 ഒക്ടോബർ 24

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; അർഹത നേടിയവർ ഇന്ന് (ഒക്ടോബർ 25) വൈകുന്നേരം നാലു മണിക്ക് മുൻപായി കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ പി. ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (ഒക്ടോബർ 25) വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇന്ന് ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**അപേക്ഷാ തീയതി**

നാലാം വർഷ ബി.പി.ടി. (2013 അഡ്മിഷൻ റഗുലർ & 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 10ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ നവംബർ 2 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ നിരക്കിലും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

ഒന്നാം വർഷ ബി.എസ്.സി. എം.എൽ.ടി. (2016 അഡ്മിഷൻ റഗുലർ/2008-2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 6 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ നിരക്കിലും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

**പരീക്ഷാ കേന്ദ്രം**

ഒന്നും രണ്ടും സെമസ്റ്റർ എം.എഡ്. (2002 മുതൽ 2010 വരെ അഡ്മിഷൻ - മേഴ്സി ചാൻസ്, 2011 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് കോട്ടയം മൗണ്ട് കാർമ്മൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രം.

**പരീക്ഷാഫലം**

2017 ജൂണിൽ എറണാകുളം ലോ കോളേജിൽ നടത്തിയ അഞ്ചും ഏഴും സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (സപ്ലിമെന്ററി, 2011ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 7 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന നാലാം വർഷ ബി.എസ്.സി. നേഴ്സിംഗ് ബിരുദ (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്പരിശോധനയ്ക്കും നവംബർ 2 വരെ അപേക്ഷിക്കാം.

2015 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഫിലോസഫി പരീക്ഷയിൽ എറണാകുളം മഹാരാജാസ് കോളേജിലെ സാൻജോയ്സ് ജെ. കുന്നുംപുറം, എൽബി ജോൺ, കിരൺദേവ് എം.എസ്. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**കോളേജ് അദ്ധ്യാപക പോർട്ടലിൽ വിവരങ്ങൾ സമർപ്പിക്കണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരുടെ വിശദാംശങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ college.mgu.ac.in എന്ന പോർട്ടലിൽ സമർപ്പിക്കേണ്ടതാണ്. ഇതിനായി എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പൽമാർ തങ്ങളുടെ യൂസർ ഐഡി ഉപയോഗിച്ച് പോർട്ടലിൽ പ്രവേശിച്ച് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോളേജുകളിലെ ഡിപ്പാർട്ട്മെന്റുകളുടെയും ഓരോ ഡിപ്പാർട്ട്മെന്റിലുമുള്ള അദ്ധ്യാപകരുടെയും എണ്ണം ഒക്ടോബർ 28 മൂന്നു മണിക്ക് മുൻപായി രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. അവധിയിലുള്ള അദ്ധ്യാപകരുടെയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് support@mgu.ac.in എന്ന ഇമെയിലിൽ ബന്ധപ്പെടാവുന്നതാണ്.

## പത്രസമ്മേളനം

*പങ്കെടുക്കുന്നവർ:*

**ഡോ. ബാബു സെബാസ്റ്റ്യൻ, വൈസ് ചാൻസലർ**

**ഡോ. കെ. ഷറഫുദ്ദീൻ, സിൻഡിക്കേറ്റ് അംഗം**

**ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റ് അംഗം**

**ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

**എം.ആർ. ഉണ്ണി, രജിസ്ട്രാർ**

# എം.ജി.യിൽ ഓൺലൈൻ സേവനങ്ങൾ നവംബർ മുതൽ

- നവംബർ 1 മുതൽ യോഗ്യത/തുല്യത സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ
- സർവ്വകലാശാലാ ഫീസുകൾക്ക് E-Payment സംവിധാനം
- അദ്ധ്യാപകരുടെയും ജീവനക്കാരുടെയും PF Credit Cardകൾ ഓൺലൈനിൽ
- വിരമിച്ച അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ലൈഫ് സർട്ടിഫിക്കറ്റ് ജീവൻപ്രമാൺ പദ്ധതിയിലൂടെ ഓൺലൈനായി സമർപ്പിക്കാം.

കേരളപ്പിറവി ദിനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാല് ഓൺലൈൻ സേവനങ്ങൾക്ക് തുടക്കമാകും. 2017-18 വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഈ ഐടി അധിഷ്ഠിത പദ്ധതികൾ സർവ്വകലാശാലയിൽ നടപ്പാക്കുന്നത്.

## എലിജിബിലിറ്റി/ഇക്വലൻസി ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

ഇ-ഗവേണൻസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള ആപ്ലിക്കേഷനുകൾ ഓൺലൈനായി സ്വീകരിക്കുകയും വിതരണം നടത്തുകയും ചെയ്യും. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ എലിജിബിലിറ്റി, ഇക്വലൻസി, റെക്കഗ്നിഷൻ എന്നീ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷയും വിതരണവും നവംബർ 1 മുതൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറും. ഒക്ടോബർ 31 മുതൽ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളുടെ ഫോർമാറ്റ് വെബ്സൈറ്റിലോ മറ്റ് സ്ഥലങ്ങളിലോ ലഭ്യമായിരിക്കുന്നതല്ല. ഈ അപേക്ഷകൾ ഓൺലൈൻ വഴി മാത്രമേ സ്വീകരിക്കൂ. ഇതിനായി

ഓൺലൈനായി അപേക്ഷിക്കേണ്ട വിധം താഴെ:

(a) യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ 'സർട്ടിഫിക്കറ്റ് ഓൺലൈൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

(b) നിങ്ങളുടെ ഡിഗ്രി നേരത്തെ ഈ യൂണിവേഴ്സിറ്റിയിൽ അംഗീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. വെബ്സൈറ്റിൽ അതിനുള്ള സൗകര്യം ലഭ്യമാണ്. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ സമർപ്പിക്കേണ്ട രേഖകളുടെ വിവരങ്ങളും സൈറ്റിൽ ലഭിക്കും. ഈ രേഖകളുടെ സ്കാൻ ചെയ്ത കോപ്പി ഓൺലൈൻ വഴി സമർപ്പിക്കാവുന്നതാണ്.

(c) നിങ്ങളുടെ പ്രാഥമിക വിവരങ്ങൾ നൽകി വെബ്സൈറ്റിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയശേഷം ഫീസ് ഓൺലൈനായി തന്നെ അടയ്ക്കാവുന്നതാണ്.

(d) ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ ഓരോ സമയത്തേയും അവസ്ഥ എസ്.എം.എസ്. ആയും ഇ-മെയിൽ വഴിയും അറിയിക്കും.

(e) സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ വിവരം യൂണിവേഴ്സിറ്റി ഉടൻ തന്നെ എസ്.എം.എസ്. ആയും ഇ-മെയിൽ വഴിയും അപേക്ഷകന് നൽകും. രജിസ്ട്രേഷൻ സമയത്ത് ലഭിച്ച ലോഗിൻ ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് ഓൺലൈനായി തന്നെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

(f) നേരത്തെ അംഗീകാരം ലഭിക്കാത്ത ഡിഗ്രി ആണെങ്കിൽ രജിസ്ട്രേഷൻ പൂർത്തിയാക്കി അപേക്ഷ ഓൺലൈനായി സമർപ്പിച്ച് അതിന്റെ പ്രിന്റൗട്ട് എടുത്ത് ആവശ്യമായ രേഖകളോടൊപ്പം യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. അംഗീകാരത്തിന്റെ അവസ്ഥ അപ്പപ്പോൾ എസ്.എം.എസ്. ആയും ഇ-മെയിൽ വഴിയും ലഭ്യമാക്കും. ഇതുവഴി വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ യൂണിവേഴ്സിറ്റിയെ നേരിട്ട് സമീപിക്കാതെ എവിടെ നിന്നുവേണമെങ്കിലും അപേക്ഷിക്കാനും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാനും സാധിക്കും.

## ഫീസ് ഇ – പേയ്മെന്റ് സംവിധാനം

വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിലേക്ക് വിവിധ ആവശ്യങ്ങൾക്കായി അടയ്ക്കേണ്ട ഫീസുകൾ ഓൺലൈനായി സ്വീകരിക്കുന്ന പദ്ധതിക്കും തുടക്കമാവുന്നു. യൂണിവേഴ്സിറ്റിയുടെ ഇ-പേയ്മെന്റ് പോർട്ടൽ വഴി എല്ലാത്തരം ഫീസുകളും അടയ്ക്കാനുള്ള സംവിധാനം നവംബർ ഒന്നിന് നിലവിൽ വരും.

പേയ്മെന്റ് ഗേറ്റ്വേകളായ പേ യു മണി, എസ്.ബി.ഐ. ഇ-പേ എന്നിവകളിലൂടെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളുപയോഗിച്ചും നെറ്റ്ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചും ഫീസ് അടയ്ക്കാം. രാജ്യത്തെ വിവിധ ബാങ്കുകളിലുള്ള അക്കൗണ്ടുകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇതോടൊപ്പം പോസ്റ്റ് ഓഫീസുകൾ വഴിയും ഫീസ് അടയ്ക്കാവുന്നതാണ്. നവംബർ ഒന്നു മുതൽ സർവ്വകലാശാലയിൽ ക്യാഷ് കൗണ്ടർ പ്രവർത്തിക്കുന്നതല്ല.

## പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ്

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രൊവിഡന്റ് ഫണ്ട് കമ്പ്യൂട്ടറൈസേഷന്റെ

ഭാഗമായി പി.എഫ്. ക്രെഡിറ്റ് സ്ലിപ്പുകൾ നവംബർ ഒന്നു മുതൽ ഓൺലൈനായി ലഭ്യമായിരിക്കും. ഇതിനായി എല്ലാ ജീവനക്കാർക്കും അവരുടെ എംപ്ലോയീ ഐഡി യൂസർ നെയിം ആക്കിക്കൊണ്ട് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അക്കൗണ്ട് ലഭ്യമായിരിക്കും. ഈ അക്കൗണ്ട് വഴിയായിരിക്കും ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് സ്ലിപ് ലഭ്യമാക്കുക. ഈ അക്കൗണ്ട് വഴി ജീവനക്കാർക്ക് വ്യക്തിഗതമായി കിട്ടേണ്ട എല്ലാ സർവ്വീസുകളും ലഭ്യമാക്കുകയാണ് ലക്ഷ്യം.

## <u>പെൻഷൻകാർക്ക് ഓൺലൈൻ ലൈഫ് സർട്ടിഫിക്കറ്റ്</u>

സർവ്വകലാശാലയിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇനി മുതൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ യൂണിവേഴ്സിറ്റിയിൽ നേരിട്ട് എത്തേണ്ടതില്ല. ഇത് ഓൺലൈനായി സമർപ്പിക്കുവാൻ സാധിക്കും.

കേന്ദ്രഗവൺമെന്റ് പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കുന്നതിന് ഒരുക്കിയ ജീവൻ പ്രമാൺ എന്ന പദ്ധതിയിലേക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയെ ഉൾപ്പെടുത്തി. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇന്ത്യയിലെത്തന്നെ ആദ്യത്തെ യൂണിവേഴ്സിറ്റി എം.ജി. യൂണിവേഴ്സിറ്റിയാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എല്ലാ പെൻഷൻകാർക്കും അവനവന്റെ താമസസ്ഥലത്തിനടുത്തുള്ള സിറ്റിസൺ സർവ്വീസ് സെന്ററിൽ പോയി ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കേരളത്തിലുള്ള സിറ്റിസൺ സർവ്വീസ് സെന്ററുകളുടെ പൂർണ്ണ വിവരം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ജീവൻപ്രമാൺ വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സിറ്റിസൺ സെന്ററുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**